(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്യാഹിത വിഭാഗം ആരംഭിക്കുന്നതിനായി അവശ്യംവേണ്ട തസ്തികകൾ ഉൾക്കൊള്ളിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പൊന്നാനി താലൂക്ക് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് എൻ.ആർ.എച്ച്.എം. ഫണ്ട്

67 (732) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്ക് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും അനുവദിച്ച തുക കൊണ്ടുള്ള പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാരിൽനിന്നും തുക അനുവദിച്ച് ആദ്യഘട്ടത്തിൽ (2009-10) ഭരണാനുമതി ലഭിച്ചത് 730 ലക്ഷം രൂപയ്ക്ക് പുറമേ രണ്ടാം ഘട്ടമായി തുകയിൽ വർദ്ധനവ് വരുത്തി 1063 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും ലഭിച്ചു. ഇതിനുപുറമേ 2012-13 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 35 കോടി രൂപ നീക്കിവച്ചിരുന്നു. സാമ്പത്തികവർഷം അവസാനിക്കുന്ന സമയമായതിനാൽ പ്രസ്തുതതുക എൻ.ആർ.എച്ച്.എം.-ലേയ്ക്ക് കൈമാറുകയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പണികൾ തുടങ്ങുന്ന മുറയ്ക്ക് ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ഈ ഫണ്ടുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡി.ഡി. മുഖേന നൽകുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതിൽ ആദ്യഗഡുവായി 1 കോടി 8 ലക്ഷം രൂപ നൽകുകയുണ്ടായി. പണി പൂർത്തിയായ സർട്ടിഫിക്കറ്റ് നൽകിയാൽമാത്രമേ ബാക്കി തുക അനുവദിക്കുകയുള്ളൂ.

(ബി) പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടപ്പണി പൂർണ്ണമായും ഉപയോഗപ്രദമായിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ചുറ്റുമതിൽ, ഗേറ്റ്, അപ്രോച്ച് റോഡ്, പാർക്കിംഗ് സൗകര്യങ്ങൾ, കെട്ടിടത്തിന്റെ മുകളിൽ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ട്രാ റൂഫ് അതോടൊപ്പം കെട്ടിടത്തിന്റെ പുറകുവശത്തെ അലൂമിനിയം പാനലിങ്ങ് ഇത്യാദി പണികൾക്കുവേണ്ടി 360 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ ആരും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചുവരുന്നു. കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചാൽമാത്രമേ തസ്തിക സൃഷ്ടിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

68 (733) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; വിശദമാക്കുമോ ?

ഉത്തരം

15-11-2011-ലെ സ.ഉ.(സാധ)നമ്പർ 3961/11/ആ.കു.വ. പ്രകാരം ട്രോമാ കെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 13.45 ലക്ഷം രൂപയും 6-12-2013-ലെ സ.ഉ.(സാധ)നമ്പർ 4065/2013/ആ.കു.വ. പ്രകാരം കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ ആന്റ് അദർ എക്യൂപ്മെന്റ്സ് ഫോർ ട്രോമാ കെയർ വാങ്ങുന്നതിനായി 30 ലക്ഷം രൂപയും അനുവദിക്കുകയും തുക കെ.എം.എസ്.സി.എല്ലിന് കൈമാറുകയും ചെയ്തിരുന്നു.

ബ്ലഡ് സ്റ്റോറേജിനായുള്ള കെട്ടിടം പുനരുദ്ധരിച്ചെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല.

പുതിയതായി പണിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ

69 (734) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും സാംക്രമിക രോഗങ്ങൾ തടയുന്നതിനുമായി ഈ മഴക്കാലത്തിനു മുന്നോടിയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly